
മാറഞ്ചേരി ഗ്രാമപഞ്ചായത്ത്
പൗരാവകാശ രേഖ
2023-24

ആമുഖം

പഞ്ചായത്ത് രാജ് നിയമം കേരളത്തിൽ പ്രാവർത്തികമായതിന്റെ വെളിച്ചത്തിൽ സമസ്ത മേഖലയിലും, ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണം സുതാര്യമാക്കുന്നതിനും, പൗരന്മാർക്കുവേണ്ടി സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും പഞ്ചായത്ത് രാജ് നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ള സുപ്രധാന വകുപ്പുകളാണ് കാര്യനിർവ്വഹണത്തിനുള്ള അവകാശവും പൗരാവകാശ രേഖയും (വകുപ്പ് -271(എ), (272(എ).1,2)ഒരു പൗരന് ഉത്തമ വിശ്വാസത്തോടെ ആവശ്യപ്പെടുന്ന ഏതൊരു വിവരവും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ലഭിക്കുവാൻ അവകാശമുണ്ട്. ഇതിന്റെ ഭാഗമായി വന്ന ഏറ്റവും സുപ്രധാനമായ ഒന്നാണ് പൗരാവകാശ രേഖ പ്രഖ്യാപിക്കണമെന്ന നിർദ്ദേശം. പഞ്ചായത്തിന്റെ ദൈനംദിന വികസന പ്രവർത്തന നടത്തിപ്പിൽ, കാര്യക്ഷമത ഉറപ്പാക്കുന്ന ഒരു അത്യാവശ്യ ഘടകമാണ് പൗരാവകാശ രേഖ.

പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ, നിബന്ധനകൾ ഏതൊക്കെയാണ്, കാലപരിധി എത്രയാകാം എന്നിവ സംബന്ധിച്ച് മാറഞ്ചേരി ഗ്രാമപഞ്ചായത്ത് രേഖാസമിതി തയ്യാറാക്കി അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്ന ഈ പൗരാവകാശ രേഖ ഫലപ്രദമായി വിനിയോഗിക്കുന്നതിന് പഞ്ചായത്തിലെ സന്നദ്ധ സംഘങ്ങൾ, സാംസ്കാരിക സംഘടനകൾ തുടങ്ങിയവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിന് കൈമാറ്റം ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ ഏതൊക്കെയാണെന്നും പൗരാവകാശ രേഖയിൽ വിവരിക്കുന്നുണ്ട്. നിങ്ങളുടെ എല്ലാവരുടേയും അറിവിലേക്കായി ആദരവോടെ ഈ പൗരാവകാശ രേഖ സമർപ്പിക്കുന്നു. എല്ലാ പൗരന്മാരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്

വിനയപൂർവ്വം

സെക്രട്ടറി
മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

പ്രസിഡന്റ്
മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

സ്ഥലം : മാറഞ്ചേരി
തിയ്യതി: 16.02.2023

മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

പൗരാവകാശ രേഖ


പ്രഖ്യാപനം

2023-24

ഈ രേഖയിൽ പറയുന്ന സേവനങ്ങളും സഹായങ്ങളും മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരന്മാർക്കും സമയബന്ധിതമായി ലഭ്യമാക്കുന്നതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 272 ക1,2 വകുപ്പ് പ്രകാരം രേഖയിൽ പറയുന്ന ക്ഷേമപദ്ധതികൾ സർക്കാരിന്റെ കാലകാലങ്ങളിലുള്ള നിയന്ത്രണങ്ങൾക്ക് വിധേയമാണ്. ധനസഹായം ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭിക്കുന്നതിനനുസരിച്ച് മാത്രമെ നൽകുകയുള്ളൂ.

മാറഞ്ചേരി ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:മാറഞ്ചേരി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:മാറഞ്ചേരി
ബ്ലോക്കിന്റെ പേര്	:പെരുമ്പടപ്പ്
ജില്ലയുടെ പേര്	:മലപ്പുറം
താലൂക്കിന്റെ പേര്	:പൊന്നാനി
അസംബ്ലി മണ്ഡലം	:പൊന്നാനി
ലോകസഭാ മണ്ഡലം	:പൊന്നാനി
വിസ്തീർണ്ണം	:20.47ച.കി.മീ
അതിരുകൾ	
വടക്ക്	:കുണ്ടുകടവ് പുഴ, ബിയ്യം കായൽ
കിഴക്ക്	: ബിയ്യം കായൽ
തെക്ക്	:കായൽ, വെളിയങ്കോട് ഗ്രാമപഞ്ചായത്ത്
പടിഞ്ഞാറ്	:കുണ്ടുകടവ് പുഴ, കനോലി കനാൽ, വെളിയങ്കോട് പഞ്ചായത്ത്
വാർഡുകൾ	:പതിനാലു
വീടുകളുടെ എണ്ണം	:11110
ജനസംഖ്യ	:38400 (സ്ത്രീകൾ - 1703, പുരുഷന്മാർ - 15113)
പൊതുവിവരങ്ങൾ	:പട്ടികജാതി ജനസംഖ്യ 2220


M.06
PONNANI MUNICIPALITY
G.94
EDAPPAL
G.97
MARANCHERY
G.100
VELIYANKOD
G.98
NANNAMUKKU
N
LEGEND
Panchayath boundry
State highway
Ward boundry
Panchayath Office
Government Institutions
School
Polling stations
Temple
Mosque
Stadium
village road
DISTRICT : MALAPPURAM
Panchayath : G.97 Maranchery
Scale 1cm = 400m
(For election purpose)

ഭരണസമിതി അംഗങ്ങൾ

ശ്രീമതി. ബീന ടീച്ചർ	: പ്രസിഡന്റ്
ശ്രീ. അബ്ദുൽ അസീസ്	: വൈസ് പ്രസിഡന്റ്
ശ്രീമതി.ലീന മുഹമ്മദാലി	: വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
ശ്രീമതി ബൾക്കീസ് തൈപറമ്പിൽ	: ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
ശ്രീമതി. നിഷ വലിയവീട്ടിൽ	: ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ
ശ്രീമതി.റജുല ആലുങ്ങൽ	: മെമ്പർ (വാർഡ് 2)
ശ്രീ.ഹിളർ കാഞ്ഞിരമുക്ക്	: മെമ്പർ (വാർഡ് 3)
ശ്രീ. എം.ടി.ഉമ്മർ	: മെമ്പർ (വാർഡ് 5)
ശ്രീ.ടി.മാധവൻ	: മെമ്പർ (വാർഡ് 6)
ശ്രീമതി.സംഗീത രാജൻ	: മെമ്പർ (വാർഡ് 8)
ശ്രീമതി. സുഹറ ഉസ്മാൻ	: മെമ്പർ (വാർഡ് 9)
ശ്രീമതി.സുലൈഖ റസാഖ്	: മെമ്പർ (വാർഡ് 10)
ശ്രീമതി. റജുല ഗഫൂർ	: മെമ്പർ (വാർഡ് 11)
ശ്രീ.മെഹ്റലി കടവിൽ	: മെമ്പർ (വാർഡ് 12)
ശ്രീ.ഷിബിൽ മുക്കാല	: മെമ്പർ (വാർഡ് 13)
ശ്രീമതി. സെമീന ഇളയേടത്ത്	: മെമ്പർ (വാർഡ് 15)
ശ്രീ. അബൂബക്കർ (അഡ്വ.കെ.എ.ബക്കർ)	: മെമ്പർ (വാർഡ് 16)
ശ്രീ.അബൂബക്കർ (നിഷാദ്)	: മെമ്പർ (വാർഡ് 17)
ശ്രീ. അബ്ദുൽ ഗഫൂർ	: മെമ്പർ (വാർഡ് 18)

മാറഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി



ബീന ടീച്ചർ
പ്രസിഡന്റ്



അനിൽകുമാർ എം. പി
സെക്രട്ടറി



അബ്ബൂൽ അസീസ്
വൈസ് പ്രസിഡന്റ്



സിജ വലിയവീട്ടിൽ
മെമ്പർ (വാർഡ് 1)



ലീന മുഹമ്മദാലി
വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ



ബൽക്കീസ് തൈപറമ്പിൽ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ



റജുല ആലുങ്ങൽ
മെമ്പർ (വാർഡ് 2)



ഹിളർ കാഞ്ഞിരമുക്ക്
മെമ്പർ (വാർഡ് 3)



ശ്രീ. എം.ടി. ഉബൈദ്
മെമ്പർ (വാർഡ് 5)



ടി.മാധവൻ
മെമ്പർ (വാർഡ് 6)



സംഗീത രാജൻ
മെമ്പർ (വാർഡ് 8)



സുഹാന ഉസ്മാൻ
മെമ്പർ (വാർഡ് 9)



സുലൈഖ റസാഖ്
മെമ്പർ (വാർഡ് 10)



റജുല ഗഫൂർ
മെമ്പർ (വാർഡ് 11)



മെഹ്റലി കടവിൽ
മെമ്പർ (വാർഡ് 12)



ഷിജിൽ മുക്കാല
മെമ്പർ (വാർഡ് 13)



സെമീന ഇളയേടത്ത്
മെമ്പർ (വാർഡ് 15)



അഡ്വ. കെ. എ. ബക്കർ
മെമ്പർ (വാർഡ് 16)



അബൂബക്കർ
മെമ്പർ (വാർഡ് 17)



അബ്ബൂൽ ഗഫൂർ
മെമ്പർ (വാർഡ് 18)

രേഖാസമിതി അംഗങ്ങൾ

ശ്രീമതി. ബീന ടീച്ചർ	: പ്രസിഡന്റ്
ശ്രീ. അബ്ദുൾ അസീസ്	: വൈസ് പ്രസിഡന്റ്
ശ്രീമതി.ലീന മുഹമ്മദാലി	: വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
ശ്രീമതി ബൽക്കീസ് തൈപറമ്പിൽ	: ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
ശ്രീമതി. നിഷ വലിയവീട്ടിൽ	: ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ
ശ്രീമതി.റജുല ആലുങ്ങൽ	: മെമ്പർ (വാർഡ് 2)
ശ്രീ.ഹിളർ കാഞ്ഞിരമുക്ക്	: മെമ്പർ (വാർഡ് 3)
ശ്രീ. എം.ടി.ഉബൈദ്	: മെമ്പർ (വാർഡ് 5)
ശ്രീ.ടി.മാധവൻ	: മെമ്പർ (വാർഡ് 6)
ശ്രീമതി.സംഗീത രാജൻ	: മെമ്പർ (വാർഡ് 8)
ശ്രീമതി. സുഹറ ഉസ്മാൻ	: മെമ്പർ (വാർഡ് 9)
ശ്രീമതി.സുലൈഖ റസാഖ്	: മെമ്പർ (വാർഡ് 10)
ശ്രീമതി. റജുല ഗഫൂർ	: മെമ്പർ (വാർഡ് 11)
ശ്രീ.മെഹ്റലി കടവിൽ	: മെമ്പർ (വാർഡ് 12)
ശ്രീ.ഷിജിൽ മുക്കാല	: മെമ്പർ (വാർഡ് 13)
ശ്രീമതി. സെമീന ഇളയേടത്ത്	: മെമ്പർ (വാർഡ് 15)
ശ്രീ. അബൂബക്കർ (അഡ്വ.കെ.എ.ബക്കർ)	: മെമ്പർ (വാർഡ് 16)
ശ്രീ.അബൂബക്കർ (നിഷാദ്)	: മെമ്പർ (വാർഡ് 17)
ശ്രീ. അബ്ദുൽ ഗഫൂർ	: മെമ്പർ (വാർഡ് 18)

പഞ്ചായത്ത് ജീവനക്കാരുടെ പേരുവിവരങ്ങൾ

അനിൽകുമാർ എം.പി	: സെക്രട്ടറി ഗ്രാമപഞ്ചായത്ത്
സുധീർ ഡി	: അസി.സെക്രട്ടറി ഗ്രാമപഞ്ചായത്ത്
രാജേഷ് ആർ വി	: ജൂനിയർ സൂപ്രണ്ട്
പ്രസാദ് പി ആർ	: അക്കൗണ്ടന്റ്
അജേഷ് എം ടി	: യു ഡി ക്ലർക്ക്
ആര്യലക്ഷ്മി ആർ	: യു ഡി ക്ലർക്ക്
ദീപ്തി സുരേന്ദ്രൻ	: യു ഡി ക്ലർക്ക്
റംസിയ പി	: ക്ലർക്ക്
വൈഷ്ണവ് എസ്	: ക്ലർക്ക്
ദിവ്യ പി	: ക്ലർക്ക്
എം.എസ്.ശ്രീജയൻ	: ഓഫീസ് അറ്റൻഡന്റ്
സുനിത സി	: ഓഫീസ് അറ്റൻഡന്റ്
എ.കെ. വിനോദ്	: ലൈബ്രേറിയൻ
മൻസൂർ കെ	: ടെക്നിക്കൽ അസിസ്റ്റന്റ്
ടി.കെ. നളിനി	: പാർട്ട് ടൈം സ്വീപ്പർ
മൻസൂർ കെ	: ഡ്രൈവർ

എഞ്ചിനീയറിംഗ് വിഭാഗം

ഷാജഹാൻ	: അസി.എഞ്ചിനീയർ
അജീഷ് വി ജി	: താൽകാലികം
ഷിജിൽ കുമാർ	: ഒ വി
ശിൽപദാസ്	: ഓവർസിയർ

തൊഴിലുറപ്പ് പദ്ധതി വിഭാഗം

ശ്രീജിത്ത്	: അക്രഡിറ്റഡ് എഞ്ചിനീയർ
വിജയശ്രീ	: അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ
രാഹുൽദേവ്	: ഓവർസിയർ
അശ്വതി	: ഡാറ്റാ എൻട്രി ഓപ്പറേറ്റർ

മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

പൗരാവകാശ രേഖ

ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്കുള്ള സേവനങ്ങൾ ഗ്രാമപഞ്ചായത്ത് സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

ഉള്ളടക്കം

1. മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന പൗരന്മാർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ
2. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സഹായ പദ്ധതിക്ക് അപേക്ഷകർ പാലിക്കേണ്ട നിബന്ധനകൾ
3. കുഷ്ഠ വേൻ
4. വെറ്റിനറി ഡിസ്പെൻസറി
5. ഹോമിയോ ഡിസ്പെൻസറി
6. ആയുർവേദ ഡിസ്പെൻസറി
7. പി.എച്ച്. സെന്റർ
8. അംഗൻവാടികൾ
9. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്

ഉള്ളടക്കംപഞ്ചായത്തും അനുബന്ധ സ്ഥാപനങ്ങളും

(ഘടന)

പഞ്ചായത്ത് ഭരണസമിതി

സ്റ്റിയറിംഗ് കമ്മറ്റി

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് ക

വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

പഞ്ചായത്ത് ഓഫീസ്	: ഗ്രാമപഞ്ചായത്ത് സെക്രട്ടറി
കൃഷി ഓഫീസ്	: കൃഷി ഓഫീസർ
പ്രാഥമിക ആരോഗ്യകേന്ദ്രം	: മെഡിക്കൽ ഓഫീസർ
ആയുർവേദ ഡിസ്പെൻസറി	: മെഡിക്കൽ ഓഫീസർ (ആയുർവേദം)
ഹോമിയോ ഡിസ്പെൻസറി	: മെഡിക്കൽ ഓഫീസർ (ഹോമിയോ)
ഫിഷറീസ് ആയുർവേദ ഡിസ്പെൻസറി	: മെഡിക്കൽ ഓഫീസർ
വെറ്റിനറി ഡിസ്പെൻസറി (മൃഗാശുപത്രി)	: വെറ്റിനറി സർജൻ
അംഗനവാടികൾ	: സൂപ്പർവൈസർ (ഐ.സി.ഡി.എസ്)
ഗ്രാമവികസനം	: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
പ്രൈമറി വിദ്യാഭ്യാസം	: പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർ
പൊതുമരാമത്ത്	: അസി.എഞ്ചിനീയർ

ചുമതലകൾ
ഉത്തരവാദിത്തങ്ങൾ
കടമകൾ
നിയമങ്ങൾ

ഗ്രാമപഞ്ചായത്തുകളുടെ ചുമതലകൾ

അനിവാര്യ ചുമതലകൾ

കേരള പഞ്ചായത്ത് രാജ് നിയമം 1994 (പിന്നീട് വന്ന ഭേദഗതികൾ ഉൾപ്പടെ) ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിക്കേണ്ട അനിവാര്യ ചുമതലകളെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അനിവാര്യ ചുമതലകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഒരു ഗ്രാമപഞ്ചായത്ത് സംവിധാനം ആ പ്രദേശത്തെ പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വികസനവും, ജനങ്ങളുടെ ക്ഷേമവും ഉറപ്പാക്കുന്നതിന് നിർബന്ധപൂർവ്വം നിർവ്വഹിക്കേണ്ട, നിയമപരമായ ബാധ്യസ്ഥതയായ ചുമതലകൾ എന്നാണ്. അനിവാര്യ ചുമതലകൾ എന്നത് സൂചിപ്പിക്കുന്നത് മുൻഗണന നൽകി നിർബന്ധപൂർവ്വം നടപ്പിലാക്കേണ്ട പ്രവർത്തികൾ എന്നാണ്. അതായത് ഒരു ഗ്രാമപഞ്ചായത്ത് അതിന്റെ പ്രവർത്തി പരിപാടികൾ രൂപീകരിക്കുമ്പോൾ അനിവാര്യ ചുമതലകളുടെ നിർവ്വഹണത്തിനായിരിക്കണം മുഖ്യ ഊന്നൽ നൽകേണ്ടത്.

1. കെട്ടിട നിർമ്മാണം നിയന്ത്രിക്കുക
2. പൊതു സ്ഥലങ്ങൾ കയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കുക
3. പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക
4. കുളങ്ങളും മറ്റു ജലസംഭരണികളും സംരക്ഷിക്കുക.
5. ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക.
6. ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക. ദ്രവമാലിന്യം നീക്കം ചെയ്യുന്നത് ക്രമീകരിക്കുക.
7. പേമാരി മൂലം ഉണ്ടാകുന്ന വെള്ളം ഒഴുക്കി കളയുക.
8. പരിസ്ഥിതി ആരോഗ്യ രക്ഷകമാക്കി സംരക്ഷിക്കുക
9. പൊതുമാർക്കറ്റുകൾ പരിപാലിക്കുക.
10. സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക
11. മൃഗങ്ങളുടെ കശാപ്പ്, മാംസം, മത്സ്യം, എല്ലുത്പന്നങ്ങൾ കേട് വരുന്ന മറ്റു ഭക്ഷ്യവസ്തുക്കൾ
12. ഭക്ഷണശാലകളെ നിയന്ത്രിക്കുക
13. ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക.
14. റോഡുകളും മറ്റു പൊതു മുതലുകളും സംരക്ഷിക്കുക
15. തെരുവ് വിളക്കുകൾ കത്തിക്കുകയും അവ പരിപാലിക്കുകയും ചെയ്യുക
16. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക.
17. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക.
18. അവകാശങ്ങളും ശ്മശാനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

19. അപകടകരവും അസൗകര്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക.
20. ജനനവും മരണവും രജിസ്റ്റർ ചെയ്യുക.
21. കുളിക്കടവും അലക്കുകടവും സ്ഥാപിക്കുക.
22. കടത്തുകൾ ഏർപ്പെടുത്തുക
23. വാഹനങ്ങൾക്ക് പാർക്ക് ചെയ്യുന്നതിനുള്ള താവളങ്ങൾ ഏർപ്പെടുത്തുക.
24. യാത്രക്കാർക്കായി വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.
25. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും കുളിസ്ഥലവും ഏർപ്പെടുത്തുക.
26. മേളകളുടെയും ഉത്സവങ്ങളുടേയും നടത്തിപ്പ് ക്രമീകരിക്കുക.
27. വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഉല്ലായ്മ ചെയ്യുക.

പൊതുവായ ചുമതലകൾ

പൊതുവായ ചുമതലകൾ എന്നത് നിർബന്ധപൂർവ്വം നടപിലാക്കേണ്ട അനിവാര്യ ചുമതലകളിൽ നിന്ന് വ്യത്യസ്തമായി നിർദ്ദേശിക്കുന്ന പൊതുസ്വഭാവമുള്ള ചുമതലകളാണ്. അനിവാര്യ ചുമതലകൾക്ക് പുറമെ പഞ്ചായത്ത് കർമ്മപരിപാടിയിലും പ്രവർത്തനത്തിലും ഉൾപ്പെടുത്തേണ്ടവയായി ഇവ കണക്കാക്കപ്പെടുന്നു. ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങളുടെ സ്വഭാവം ഉൾക്കൊള്ളുന്ന തരത്തിൽ നടപിലാക്കാൻ നിർദ്ദേശിക്കപ്പെടുന്നവയാണ് പൊതു ചുമതലകൾ.

1. അവശ്യസ്ഥിതി വിവരകണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക.
2. സ്വാശ്രയ പ്രവർത്തകരെ സംഘടിപ്പിക്കുയും കൂട്ടായ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാക്കുകയും ചെയ്യുക.
3. മിതവ്യയം ശീലിക്കുന്നതിന് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക
4. മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, സ്ത്രീധനം, സ്ത്രീകളുടെയും കുട്ടികളേയും പീഡിപ്പിക്കൽ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
5. വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുക
6. പ്രകൃതി ക്ഷോഭമുണ്ടാകുമ്പോൾ ദുരിതാശ്വാസപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
7. പരിസ്ഥിതി സംബന്ധിച്ച ബോധവത്കരണം നടത്തുക
8. സഹകരണ മേഖല വികസിപ്പിക്കുക
9. സാമുദായിക ഐക്യം മെച്ചപ്പെടുത്തുക, സാമുദായിക സ്പർദ്ധകളുണ്ടാകുമ്പോൾ ഇടപെടുക, ഒത്തുതീർപ്പുകൾ രൂപപ്പെടുത്തുക. സാമൂഹ്യകൂട്ടായ്മകൾ സംഘടിപ്പിക്കുക
10. വികസനാവശ്യങ്ങൾക്കായുള്ള ഭൂമി വിട്ടുകൊടുക്കുന്നതുൾപ്പെടെ പണമായോ വസ്തുക്കളായോ പ്രദേശികമായി വിഭവ സമാഹരണം നടത്തുക.

11. ദുർബല വിഭാഗങ്ങൾക്കിടയിൽ നിയമബോധവൽക്കരണം പ്രചരിപ്പിക്കുക
12. സാമ്പത്തിക കുറ്റങ്ങൾക്കെതിരെ പ്രചാരണം നടത്തുക
13. പാവപ്പെട്ടവരെ കേന്ദ്രീകരിച്ചുള്ള സ്വയംകൂട്ടങ്ങളും സ്വാശ്രയ സംഘങ്ങളും രൂപീകരിക്കുക
14. പൗരധർമ്മത്തെ പറ്റി ബോധവൽകരണം നടത്തുക. പൗരന്മാർക്കിടയിൽ അവരുടെ ഉത്തരവാദിത്വങ്ങളേയും കടമകളേയും കുറിച്ചും അവകാശങ്ങളെ കുറിച്ചും ബോധവൽക്കരണം നടത്തുക

ഭരണമേഖലാ ചുമതലകൾ

1. കൃഷി മേഖല

പരമാവധി ഭൂവിനിയോഗം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണ്സംരക്ഷണം ജൈവവള ഉൽപാദനം, കൂട്ടുകൃഷി, കാർഷിക സ്വാശ്രയ സംഘം, ഉദ്യാന കൃഷി, പച്ചക്കറി കൃഷി, കാലിത്തീറ്റ വിത്ത് ഉൽപാദനം, സസ്യസംരക്ഷണം,വിത്ത് ഉൽപാദനം, യന്ത്രവൽകൃത കൃഷി എന്നിവ നിർവ്വഹിക്കാൻ തക്കവിധം കൃഷിഭവനകളുടെനടത്തിപ്പ്.

2. മൃഗസംരക്ഷണം ക്ഷീരോൽപാദനം

കന്നുകുട്ടി വികസനം, പാൽ ഉൽപാദനം, മുട്ടകോഴി ഇറച്ചികോഴി, ആട് പന്നി, മുയൽ എന്നിവയുടെപരിപാലനം തെന്നിച്ച വളർത്തൽ, മൃഗരോഗ പ്രതിരോധം, പ്രത്യുൽപാദന ക്ഷമതാ വികസനം, മനുക്കളോടുള്ള ക്രൂരത തടയുക എന്നിവ മുൻനിർത്തി മൃഗാശുപത്രിയുടെ നടത്തിപ്പ്

3. മത്സ്യസമ്പത്ത്

ഉൾനാടൻ മത്സ്യസമ്പത്ത് വികസനം, മത്സ്യകുഞ്ഞ് ഉൽപാദനം വിതരണം, മത്സ്യബന്ധന ഉപാദികളുടെ വിതരണം, മത്സ്യവിപണി, മത്സ്യ തൊഴിലാളി ക്ഷേമസൗകര്യം എന്നിവ മുൻനിർത്തിയുള്ള സേവന ചുമതല

4. സാമൂഹ്യവനവൽക്കരണം

കാലിത്തീറ്റ വികസനം, ഇന്ധനലഭ്യതാ വികസനം, ഭൂസംരക്ഷണം, പരിസ്ഥിതി സംരക്ഷണം പാഴ്ഭൂമി വനവൽക്കരണം എന്നിവക്കായുള്ള ഉദ്യമം നടപ്പിലാക്കുക.

5. വ്യവസായം

ഗ്രാമീണ- പരമ്പരാഗത. ചെറുകിട. കുടിൽ വ്യവസായ സ്ഥാപനം, പ്രോത്സാഹനം, സംരംഭക പരിശീലനം, മാർഗ്ഗ നിർദ്ദേശം, പിന്തുണാ സംവിധാനം ഏർപ്പെടുത്തുവാൻ തക്ക വാണ് ഗ്രാമീണ വ്യവസായ വികസന ചുമതല.

6. പാർപ്പിടം

ഭവനരഹിതർ, ഭൂരഹിതർ, അതീവ ദരിദ്രർ എന്നിവർക്കുസുരക്ഷിത പാർപ്പിട സംരംഭം നടപ്പാക്കുക

7. ജലവിതരണം

ഗ്രാമീണ കുടിവെള്ള വിതരണം, കുടിനീർസ്രോതസ്സ് സംരക്ഷണ പരിപാലനം ജലവിതരണ സംവിധാനത്തിലെ അറ്റകുറ്റപണികൾ എന്നിവയുടെ ചുമതല.

8. ഊർജ്ജ വിതരണം

തെരുവിവിളക്കുകളുടെ സ്ഥാപനവും പരിപാലനവും, ബദൽ ഊർജ്ജ സ്രോതസ്സുകളുടെ വികസനം, വിനിയോഗം എന്നിവക്കായുള്ള ചുമതല.

മേഖലാ ചുമതലകൾ

1. കൃഷി മേഖല

പരമാവധി ഭൂവിനിയോഗം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണ്സംരക്ഷണം ജൈവവള ഉൽപ്പാദനം, കൂട്ടുകൃഷി, കാർഷിക സ്വാശ്രയ സംഘം, ഉദ്യാന കൃഷി, പച്ചക്കറി കൃഷി, കാലിത്തീറ്റ വിത്ത് ഉൽപ്പാദനം, സസ്യസംരക്ഷണം,വിത്ത് ഉൽപ്പാദനം, യന്ത്രവൽകൃത കൃഷി എന്നിവ നിർവ്വഹിക്കാൻ തക്കവിധം കൃഷിദിനകളുടെനടത്തിപ്പ്.

2. ക്ഷീരസംരക്ഷണം ക്ഷീരോൽപ്പാദനം

കന്നുകുട്ടി വികസനം, പാൽ ഉൽപ്പാദനം, മുട്ടകോഴി ഇറച്ചികോഴി, ആട് പന്നി, മുയൽ എന്നിവയുടെപരിപാലനം തേനീച്ച വളർത്തൽ, മൃഗരോഗ പ്രതിരോധം, പ്രത്യുൽപാദന ക്ഷമതാ വികസനം, ജന്തുക്കളോടുള്ള ക്രൂരത തടയുക എന്നിവ മുൻനിർത്തി മൃഗാശുപത്രിയുടെ നടത്തിപ്പ്

3. മത്സ്യസമ്പത്ത്

ഉൾനാടൻ മത്സ്യസമ്പത്ത് വികസനം, മത്സ്യകുഞ്ഞ് ഉൽപ്പാദനം വിതരണം, മത്സ്യബന്ധന ഉപാദികളുടെ വിതരണം, മത്സ്യവിപണി, മത്സ്യ തൊഴിലാളി ക്ഷേമസൗകര്യം എന്നിവ മുൻനിർത്തിയുള്ള സേവന ചുമതല

4. സാമൂഹ്യവനവൽക്കരണം

കാലിത്തീറ്റ വികസനം, ഇന്ധനലഭ്യതാ വികസനം, ഭൂസംരക്ഷണം, പരിസ്ഥിതി സംരക്ഷണം പാഴ്ഭൂമി വനവൽക്കരണം എന്നിവക്കായുള്ള ഉദ്യമം നടപ്പിലാക്കുക.

5. വ്യവസായം

ഗ്രാമീണ - പരമ്പരാഗത. ചെറുകിട. കുടിൽ വ്യവസായ സ്ഥാപനം, പ്രോത്സാഹനം, സംരംഭക പരിശീലനം, മാർക്ക നിർദ്ദേശം, പിന്തുണാ സംവിധാനം എർപ്പെടുത്തുവാൻ തക്ക ഖാദി ഗ്രാമീണ വ്യവസായ വികസന ചുമതല.

6. പാർപ്പിടം

ഭവനരഹിതർ, ഭൂരഹിതർ, അതീവ ദരിദ്രർ എന്നിവർക്കുസുരക്ഷിത പാർപ്പിട സംരംഭം നടപ്പാക്കുക

7. ജലവിതരണം

ഗ്രാമീണ കുടിവെള്ള വിതരണം, കുടിനീർസ്രോതസ്സ് സംരക്ഷണ പരിപാലനം ജലവിതരണ സംവിധാനത്തിലെ അറ്റകുറ്റപണികൾ എന്നിവയുടെ ചുമതല.

8. ഊർജ്ജ വിതരണം

തെരുവിളക്കുകളുടെ സ്ഥാപനവും പരിപാലനവും, ബദൽ ഊർജ്ജ സ്രോതസ്സുകളുടെ വികസനം, വിനിയോഗം എന്നിവക്കായുള്ള ചുമതല.

9. വിദ്യാഭ്യാസം

സർക്കാർ പ്രീ പ്രൈമറി സ്കൂളുകളുടെ നടത്തി സാക്ഷരതാ പരിപാടികൾ, ഗ്രന്ഥശാലകൾ വായനശാലകൾ എന്നിവയുടെ നടത്തിപ്പ് വിദ്യാഭ്യാസഗുണനിലവാര വർദ്ധന

10. ഭരണം

ഗ്രാമീണ നിരത്തുകളുടെ നിർമാണം പരിപാലനം, പഞ്ചായത്ത്സ്ഥാപനങ്ങളുടെ നിർമാണ നിർവ്വഹണം എന്നീ ചുമതലകൾ.

11. ജലസേചനം

ഗ്രാമീണ ചെറുകിട ജലസ്രോതസ്സുകളുടെ സംരക്ഷണം, ജലസേചന പദ്ധതി പരിപാലനം ചെറുനീർത്തട പരിപാലനവും വികസന ജലസംരക്ഷണ പരിപാടികൾ. മലിനജല നിർമാർജ്ജന സംവിധാനം എന്നിവയുടെ നടത്തി.

12. ആരോഗ്യം ശുചിത്വം

എല്ലാ വിഭാഗം ചികിത്സ രംഗങ്ങളിലേയും പ്രാഥമിക ആരോഗ്യ സ്ഥാപനങ്ങൾ, മാതൃ- ശിശു ക്ഷേമ. പരിപാലന കേന്ദ്രങ്ങൾ, രോഗപ്രതിരോധ പുനരധിവാസ നടപടികൾ, കുടുംബക്ഷേമ പ്രവർത്തനങ്ങൾ, ശുചിത്വപരിപാലനം എന്നിവയുടെ ചുമതല.

13. സാമൂഹ്യക്ഷേമം

കുട്ടികൾ, അഗതികൾ, വിധവകൾ, കായികമാനസിക ദുർബല്യവും വെല്ലുവിളിയും നേരിടുന്നവർ, ദരിദ്ര - പീഡിത. വിഭാഗങ്ങൾ എന്നിവർക്കുള്ള ക്ഷേമകാര്യ നടപടികൾക്കായുള്ള ചുമതല.

14. ദാരിദ്ര ദൂരീകരണം

ദാരിദ്ര്യ നിർണ്ണയം, ദരിദ്രരെ കണ്ടെത്തൽ, പരമദരിദ്രർ, സ്ത്രീകൾ തുടങ്ങിയവർക്ക് സുസ്ഥിര ക്ഷേമ വികസന പരിപാടികൾ എർപ്പെടുത്തുക തുടങ്ങിയ ചുമതലകൾ

15. പ്രത്യേക വികസന പ്രവർത്തനം

ദളിത് - പിന്നോക്ക വിഭാഗങ്ങൾക്കായുള്ള വികസനക്ഷേമ നടപടികൾ, വിദ്യാഭ്യാസം, ക്ഷേ നടപടികൾ, പ്രത്യേക പരിരക്ഷാ നടപടിക മുതലായവക്കുള്ള ചുമതല

16. കായിക സാംസ്കാരിക മേഖല

സാംസ്കാരിക പരിപോഷണം കായിക കലാപോഷണം എന്നിവക്കുള്ള ബഹുമുഖ ചുമ

17. പൊതുവിതരണം

അളവുതൂക്കു കുറ്റങ്ങളുടെ നിയന്ത്രണം, പൊതുവിതരണ ക്രമം, പരിശോധനയും പരാ പരിഹാരവും, റേഷൻകട, നീതിസ്റ്റോർ, മാവേലി സ്റ്റോർ തുടങ്ങിയവയുടെ മേൽനോട്ട മാർഗനിർദ്ദേശവും, പുതിയ പൊതുവിതരണ കേന്ദ്രം തുറക്കൽ എന്നീ ചുമതലകൾ.

18. പ്രകൃതിക്ഷോഭ/ദുരിതാശ്വാസം

നഷ്ടപരിഹാരം, പുനർനിർമാണം മുതലായ കൃത്യങ്ങൾ

19. സഹകരണം

പരസ്പര സഹായ സംഘങ്ങളുടെ സംഘാടനവും ശാക്തീകരണവും

20. തീരദേശപരിപാലനം

പോലീസിന്റെ സേവനം അനിവാര്യമായ സന്ദർഭങ്ങളിൽ രേഖാമൂലം ആവശ്യപ്പെട്ട തീരദേശപരിപാലന നിയമപ്രകാരമുള്ള കുറ്റങ്ങൾ

21. വിവാഹ രജിസ്ട്രേഷൻ

ഹിന്ദു വിവാഹ നിയമപ്രകാരമുള്ള വിവാഹങ്ങളുടെ രജിസ്ട്രേഷനും ഇതര നിയമങ്ങൾ അനുശാസിക്കുന്ന പക്ഷം പ്രസ്തുത വിവാഹങ്ങളുടെ രജിസ്ട്രേഷനും നടത്തുക വിവാഹ സർട്ടിഫിക്കറ്റ് നൽകുക

22. ഭൂവിനിയോഗം

ഭൂവിനിയോഗ വ്യതിയാനം നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക

23. വനിതാക്ഷേമം

ജാഗ്രതാ സമിതികൾക്ക് രൂപം നൽകി പ്രവർത്തനക്ഷമമാക്കുക.

തനത്ചുമതലകൾ

- (അധ്യായം 19 കേരള പഞ്ചായത്ത് രാജ് നിയമം 1994, 1999)

- നിശ്ചിത നിരക്കിൽ നികുതി നിരക്കുകൾ സർചാർജുകൾ എന്നിവ ഏർപ്പെടുത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നികുതി ഒടുക്കാൻ സൗകര്യപ്പെടുത്താനുള്ള ചുമതല.
- പൊതുസ്ഥലങ്ങൾ, പൊതു വഴികൾ,പൊതുനീർച്ചാലുകൾ, മുതലായവയിലുള്ള അനധികൃത കയ്യേറ്റം, നിയമവിരുദ്ധ നിർമ്മിതികൾ, തടസ്സങ്ങൾ, ശല്യങ്ങൾ മുതലായവ ഒഴുപ്പിക്കുന്നതിനും നിരോധിക്കുന്നതിനുമുള്ള ചുമതല.
- പൊതുമാർക്കറ്റുകൾ, വണ്ടിത്താവളങ്ങൾ, ഇറക്കു സ്ഥലങ്ങൾ, കടത്തുകടവുകൾ, കന്നുകാലിക്കളങ്ങൾ തുടങ്ങിയവ സ്ഥാപിക്കാനും പരിപാലിക്കാനും ഇക്കാര്യങ്ങളിൽ സ്വകാര്യ സംരംഭങ്ങൾക്ക് അനുമതി നൽകാനുള്ള ചുമതല.
- പൊതുകക്കൂശാലകൾ സ്ഥാപിച്ചു നടത്താനും, സ്വകാര്യകക്കൂശ് ശാലകൾക്ക് അനുമതി നൽകാനും നിയന്ത്രിക്കാനുമുള്ള ചുമതല.
- വ്യാപാര വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകൽ
- പഞ്ചായത്തിന്റെ തന്നതോ, കൈമാറ്റം ചെയ്യപ്പെട്ടതോ ആയ സ്ഥാവര, ജംഗമ സ്വത്തുവകകൾ സംരക്ഷിച്ച് പരിപാലിക്കാനും, മെച്ചപ്പെടുത്താനും, അവ അന്യായീനപ്പെടുവാനോ നശിച്ചുപോകാനോ ഇടയാകാതിരിക്കാനുമുള്ള ചുമതല.
- ജീവനക്കാർക്കും സ്ഥാപനങ്ങൾക്കും മേലുള്ള നിയന്ത്രണ നിർവഹണ ചുമതലകൾ
- കണക്കുകൾ, ഓഡിറ്റ്റിപ്പോർട്ടുകൾ മുതലായവ സമയബന്ധിതമായി നിലനിർത്താനുള്ള ചുമതല
- വികസന പദ്ധതി രൂപീകരണ - നിർവ്വഹണ ചുമതല
- ഗ്രാമസഭ യാഥാർത്ഥ്യവും ഫലപ്രദവുമാക്കാനുള്ള ചുമതല.
- ഭരണ സുതാര്യത അറിയാനുള്ള അവകാശം, പൗരവാകശം എന്നിവ പാലിക്കാനുള്ള ചുമതല.
- പെർഫോർമൻസ്ഓഡിറ്റിശുപാർശകൾ അനുസരിച്ചിതെറ്റുതിരുത്തലിനും നഷ്ടോത്തരവാദിത്തം ഈടാക്കാനുമുള്ള ചുമതല.
- പ്രാദേശിക സർക്കാരുകളുമായി ഫെഡറൽ ഭരണഘടന അനുസരിച്ചുപ്രവർത്തിക്കാനുള്ള ചുമതല
- നിയമം അനുശാസിക്കുന്നതും കാലാകാലം ചട്ടപ്രകാരം നിയോഗിക്കപ്പെടുന്നതുമായ വിവിധ കമ്മിറ്റികൾ രൂപീകരിക്കുകയും അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുകയും ചെയ്യുക.
- തദ്ദേശ ഭരണ ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ എന്നിവയുടെ നീതിന്യായ ഉത്തരവുകൾ പ്രാബല്യം നൽകാനുള്ള ചുമതല.

ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും

73-ാം ഭരണഘടന ഭേദഗതി നിയമം അനുസരിച്ച് ഇന്ത്യൻ ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാനഘടകമാണ് ഗ്രാമസഭ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമസഭ എന്നത് കേവലം ഒരു വാർഡ് പ്രദേശത്തെ മുഴുവൻ വോട്ടർമാരുടെയും ജനറൽബോഡിയാണ്. ഈ സഭകൾ കേവലം തുണദോക്തൃ തെരഞ്ഞെടുപ്പിന്റെ വേദിയിൽ എന്നതിലുപരി സാമൂഹ്യമായ ഉത്തരവാദിത്വങ്ങളും കടമകളും അധികാരങ്ങളും ഉള്ള സാമൂഹ്യ കൂട്ടായ്മകളുടെ വേദിയാണെന്ന് പഞ്ചായത്ത് രാജ് നിയമം വ്യക്തമാക്കുന്നു. പങ്കാളിത്ത ജനാധിപത്യത്തിന്റെ ഭരണഘടനാപരവും നിയമപരവുമായ പ്രത്യക്ഷവേദികൾ എന്ന നിലയിൽ ഗ്രാമസഭകൾ നിർവ്വഹിക്കേണ്ട ഉത്തരവാദിത്തങ്ങളും ഗ്രാമസഭയുടെ ഭരണഘടനാപരമവും നിയമപരവുമായ പ്രത്യക്ഷവേദികൾ എന്ന നിലയിൽ ഗ്രാമസഭകൾ നിർവ്വഹിക്കേണ്ട ഗ്രാമസഭയുടെ അധികാരങ്ങളും താഴെ നൽകുന്നു.

ഗ്രാമസഭയുടെ അധികാരങ്ങൾ

1. പഞ്ചായത്തിന്റെ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും സഹായിക്കുക.
2. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കേണ്ട പദ്ധതികളുടെയും വികസന പരിപാടികളുടേയും നിർദ്ദേശങ്ങൾക്ക് രൂപം നൽകുകയും മുൻഗണന നിർദ്ദേശിക്കുകയും ചെയ്യുക.
3. തുണദോക്താക്കളെ ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് മുൻഗണനാ ക്രമത്തിൽ, അർഹരായ തുണദോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി പഞ്ചായത്തിന് നൽകുക.
4. പ്രാദേശികമായി ആവശ്യമായ സൗകര്യങ്ങൾ നൽകികൊണ്ട് വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് സഹായങ്ങൾ ചെയ്ത് കൊടുക്കുക.
5. വികസന പദ്ധതികൾക്ക് ആവശ്യമായ സന്നദ്ധസേവനവും, പണമായോ, സാധനമായോ ഉള്ള സഹായങ്ങളും സമാഹരിക്കുകയും ലഭ്യമാക്കുകയും ചെയ്യുക.
6. തെരുവ് വിളക്കുകൾ, തെരുവിലേയോ അല്ലെങ്കിൽ പൊതുവായതോ ആയ വാട്ടർടാപ്പുകൾ, പൊതുകിണറുകൾ, പൊതു സാനിറ്റേഷൻ യൂണിറ്റുകൾ, ജലസേചന സൗകര്യങ്ങൾ, മറ്റു പൊതുആവശ്യപദ്ധതികൾ ഇവ എവിടെ സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുക.
7. ശുചിത്വം, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം, തുടങ്ങി പൊതുതാൽപര്യമുള്ളസംഗതികളെ സംബന്ധിച്ച് അറിവ് പകരുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും അഴിമതി, വ്യാജവും ക്യത്രിമവുമായി ഇടപാടുകൾ തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ സംരക്ഷണം നൽകുകയും ചെയ്യുക.
8. ഗ്രാമസഭയുടെ പ്രദേശത്ത് വിവിധ വിഭാഗങ്ങളിൽ പെട്ട ആളുകൾക്കിടയിൽ സൗഹാർദ്ദവും ഐക്യവും വളർത്തുകയും ആ പ്രദേശത്തെ ആളുകളിൽ സർഗ്ഗാത്മകമായ വളർത്തുന്നതിനാ

യി സാംസ്കാരിക കലാ- കായിക മേളകൾ സംഘടിപ്പിക്കുകയും ചെയ്യുക.

9 ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃ കമ്മറ്റി
ളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക.

10. സർക്കാരിൽ നിന്നും ലഭിക്കുന്ന പെൻഷൻ, സബ്സിഡി, എന്നിവ പോലുള്ള വിവിധ
ക്ഷേമ സഹായങ്ങൾ ലഭിക്കുന്ന ആളുകളുടെ അർഹത പരിശോധിക്കുകയും ഗുണഭോക്
പട്ടിക തയ്യാറാക്കുകയും ചെയ്യുക.

11. ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് വി
ദഗ്ധരായ എസ്റ്റിമേറ്റുകളുടെ വിവരങ്ങൾ ശേഖരിക്കുക.

12. അടുത്ത മൂന്ന് മാസങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അനുഷ്ഠിക്കേണ്ട സേവനങ്ങ
ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തന സംബന്ധിച്ച വിവരം ലഭ്യമാക്കുക.

13. ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് എടുത്തിട്ടുള്ള ഓരോ തീരുമാനത്തിന്റെയും യു
അറിയുക.

14. ഗ്രാമസഭയുടെ പ്രദേശത്തെ സംബന്ധിച്ച് എടുത്തിട്ടുള്ള തുടർനടപടികളെ കുറി
എതെങ്കിലും തീരുമാനം നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള വിശദമായ കാരണങ്ങ
കുറിച്ചും അറിയുക.

15. രൂപീകരണ പ്രക്രിയകളിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുമായി സഹകരിക്കുക
ചട്ടുചുവടുകൾ നീക്കം ചെയ്യുന്നതിന് സന്നദ്ധസേവനം നൽകുകയും ചെയ്യുക.

16. ഗ്രാമസഭയുടെ പ്രദേശത്തെ ശുദ്ധജലവിതരണം, തെരുവ് വിളക്ക് കത്തിക്കൽ എ
സംവിധാനങ്ങളിലെ പോരായ്മ കണ്ടുപിടിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക
ചെയ്യുക.

17.ഗ്രാമസഭയുടെ പ്രദേശത്തെ സ്കൂളുകളിലെ അധ്യാപക രക്ഷാകർതൃ സംഘടനകളു
പ്രവർത്തനങ്ങളിൽ സഹായിക്കുക

18.ഗ്രാമസഭയുടെ പ്രദേശത്തെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ, പ്രത്യേ
രോഗപ്രതിരോധത്തിലും കുടുംബക്ഷേമ പ്രവർത്തനങ്ങളിലും സഹായിക്കുക.

19. ഗ്രാമസഭയുടെ പരിഗണനക്ക് വരുന്ന ആഡിറ്റ് റിപ്പോർട്ടിനെ കുറിച്ചോ പെർഫോമ
ആഡിറ്റ് റിപ്പോർട്ടിനെ കുറിച്ചോ യോഗത്തിൽ ചർച്ച നടത്തി അതിന്റെ അഭിപ്രായങ്ങ
ശുപാർശകളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിനെ അറിയിക്കുക

20. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിച്ച
അപേക്ഷകളിന്മേൽ അന്വേഷണം നടത്തുകയും ചെയ്ത ശേഷം ഗ്രാമപഞ്ചായത്ത് തയ്യാ
നൽകുന്ന അതതു ഗ്രാമസഭാ പ്രദേശത്തുള്ള അപേക്ഷകരുടെ മുൻഗണനാ
അപേക്ഷകരെ കൂടി ക്ഷണിച്ചു കൊണ്ടുള്ള യോഗത്തിൽ വെച്ച് ഗ്രാമസഭ സൂക്ഷ
രിശോധന നടത്തി, മുൻഗണന ക്രമത്തിൽ, അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ്

സ്റ്റേ അന്തിമമായി തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിന്അയക്കുക

ഗ്രാമസഭയുടെ ഉത്തരവാദിത്തങ്ങൾ

1. വികസനവും ക്ഷേമവും സംബന്ധിച്ച പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുക
2. ആരോഗ്യവും സാക്ഷരതയും സംബന്ധിച്ചതും അതുപോലുള്ള വികസനപരമായ മറ്റ് സമയബന്ധിതപരിപാടികളിലും പങ്കെടുക്കുകയും അതിനായി പ്രചാരണം നടത്തുകയും ചെയ്യുക.
3. അവശ്യ - സാമൂഹിക സാമ്പത്തിക അടിസ്ഥാനരേഖകൾ ശേഖരിക്കുക
4. വികസന പ്രവർത്തനങ്ങളുടെ പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുക.
5. നികുതികൾ നൽകുന്നതിനും, വായ്പ തിരിച്ചടക്കുന്നതിനും പരിസ്ഥിതി ശുചീകരണം മെച്ചപ്പെടുത്തുന്നതിനും സമൂഹത്തിൽ ഐക്യം നിലനിർത്തുന്നതിനുമായി ധാർമികമായ മാർഗ്ഗങ്ങൾ അവലംബിക്കുക
6. പഞ്ചായത്തിന്റെ ധനാഗമന മാർഗ്ഗങ്ങൾ വർധിക്കുന്നതിനായി പ്രാദേശികപരമായി വിഭവസമാഹരണം നടത്തുക
7. സന്നദ്ധ സംഘടനകളെന്ന നിലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക.
8. സാംക്രമിക രോഗങ്ങൾ, പ്രകൃതി ക്ഷോഭദുരന്തങ്ങൾ മുതലായവ ഉണ്ടായാൽ പെട്ടെന്ന് വിവരം നൽകാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

അയൽസഭ

വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള അയൽസഭകൾ വെളിയങ്കോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട് ഓരോ പ്രദേശത്ത് നടത്തേണ്ട വികസന പ്രവർത്തനങ്ങളെ ക്കുറിച്ചും അവയുടെ മുൻഗണനയെക്കുറിച്ചും ഗ്രാമസഭയ്ക്ക് നിർദ്ദേശം നൽകുന്നതിനും വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളിൽ അർഹരായ ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനും ഗ്രാമസഭാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടിയാണ്അയൽസഭകൾ രൂപീകരിച്ചിട്ടുള്ളത്.

ഓരോ അയൽസഭയ്ക്കും 11അംഗങ്ങളുള്ള നിർവ്വാഹകസമിതിയുണ്ട് ഇതിൽ 6 പേർ സ്ത്രീകളായിരിക്കും. നിർവ്വാഹകസമിതിയിൽ നിന്നും ചെയർപേഴ്സണെയും കൺവീനറേയും തെരഞ്ഞെടുക്കും

വാർഡ് വികസന സമിതി

പഞ്ചായത്തിലെ ഓരോ വാർഡിലും പരമാവധി 25 അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സമിതിയാണ്വാർഡ്വികസനസമിതി. വാർഡ്വികസനസമിതിയുടെ ചെയർപേഴ്സൺ ആ വാർഡിനെ പ്രതിനിധാനം ചെയ്യുന്ന പഞ്ചായത്തംഗമായിരിക്കും. ഗ്രാമസഭാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും വിലയിരുത്തുകയും ചെയ്യുക, ജനങ്ങൾക്കിടയിലുണ്ടാകുന്ന തർക്കങ്ങൾ, പരാതികൾ എന്നിവ പരിഹരിക്കുന്നതിന്അദാലത്തുകൾ നടത്തുക, കേരള ലീഗൽ സർവ്വീസ് അതോറ്റിയുടെ സഹായത്തോടെ നിയമസഹായ ക്ലിനിക്കുകൾ സംഘടിപ്പിക്കുക. അനധികൃത നിർമാണങ്ങൾ, വയൽ തണ്ണീർത്തടങ്ങൾ നികത്തൽ, അനധികൃത ഖനനം പരിസ്ഥിതി ആഘാത പ്രവർത്തനങ്ങൾ മുതലായ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക, തുടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, ഗുണഭോക്തൃസമിതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, സഹായിക്കുക, വാർഡിലെ ആവശ്യങ്ങൾ പഠിച്ച് ദ്ദേശഭരണസ്ഥാപനത്തിന്റിപ്പോർട്ട് നൽകുക എന്നിവ വാർഡ്വികസന സമിതിയുടെ ചുമതലകളിൽ ഉൾപ്പെടുന്നു.

സേവാഗ്രാം ഗ്രാമകേന്ദ്രം വാർഡ് കേന്ദ്രം

പ്രാദേശിക ഭരണസംവിധാനത്തെ ശാക്തീകരിക്കുന്നതിനും കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനും ജനങ്ങൾ നിരന്തരമായി കൂടിച്ചേരുകയും വികസന ക്ഷേമകാര്യങ്ങൾ ചർച്ച ചെയ്യുകയും വേണം. ഇതിനുള്ള വേദിയാണ് ഗ്രാമസഭ/ വാർഡ് സഭ. എന്നാൽ ഈ സഭകൾക്ക് അതത് വാർഡുകളിൽ ഒരു ആസ്ഥാനമില്ലാത്തത് പരിമിതിയാണ് ഈ പരിമിതി മറികടക്കുന്നതിന് വേണ്ടിയാണ് എല്ലാ വാർഡുകളിലും ഒരു ഗ്രാമസഭാ കേന്ദ്രം സ്ഥാപിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നത്

ഗ്രാമസഭ അംഗങ്ങളുടെ ഒത്തുചേരലിനും കാര്യക്ഷമമായ തുടർ പ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള ആസ്ഥാനമാണ് ഗ്രാമകേന്ദ്രം. ഗ്രാമസഭയുടെ ആസ്ഥാനമെന്ന നിലയിൽഗ്രാമസഭയുടെ സംഘാടനത്തിനും വാർഡിൽ നടക്കുന്ന ഭരണ, വികസന ക്ഷേമ, സേവന, സാംസ്കാരിക, സാമൂഹിക പ്രവർത്തനങ്ങൾ കൂട്ടായി ചർച്ച ചെയ്യുന്നതിനും വിലയിരുത്തുന്നതിനും ക്രോഡീ കരിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും തുടർ നടപടികൾക്കും വാർഡ്വികസന സമിതിയെ സഹായിക്കുന്നതിനും വേണ്ടിയുള്ള വികേന്ദ്രീകൃത ഭരണ, സേവന കേന്ദ്രമായി ഗ്രാമസഭാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

പൗരധർമവും ഉത്തരവാദിത്തവും

ഭരണ വ്യവസ്ഥയിലെ പങ്കാളി എന്ന നിലക്ക് പൗരർക്ക് അവകാശങ്ങൾ ഉണ്ട്. അവ നിലനിൽക്കുവും കൃത്യവും ആയി ലഭിക്കും എന്നുറപ്പാക്കേണ്ടതുണ്ട് അതിനവിരുദ്ധമായ പ്രവർത്തനങ്ങൾ തടയുകയും ഉത്തരവാദിത്ത പൂർണ്ണമായ പൗരവകാശപാലനം നടപ്പാക്കുകയും ചെയ്യണം.

എന്നാൽ സമൂഹത്തോടും രാഷ്ട്രത്തോടും ചില കടമകളും ഉത്തരവാദിത്തങ്ങളും നിറവേറ്റാൻ പൗരന്മാർക്ക് ചുമതലയുണ്ട് പൗരധർമങ്ങൾ എന്ന് ഇതിനെ ചുരുക്കത്തിൽ പറയാം. സ്വയമേവ ഇവ പാലിക്കുകയാണ് ഉത്തമ പൗരന്റെ കടമ.

ഇന്ത്യൻ ഭരണഘടന – അനുഛേദം 51 എ (1976)

* ഭരണഘടന രാഷ്ട്രത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ ഇവയോട് ആദരവും അനുസരണയും പ്രകടമാക്കുക, അനാദരവും ലംഘനവും നടത്താതിരിക്കുക. ദേശീയ സ്വാതന്ത്ര്യപോരാട്ടത്തിന്റെ മൂല്യങ്ങൾ പരിപോഷിപ്പിക്കുക.
* പൊതുമുതലുകൾ സംരക്ഷിക്കുകയും പരിപാലിക്കുകയും നശിപ്പിക്കാതിരിക്കുകയും ചെയ്യുക.
* ചരിത്ര- സാംസ്കാരിക സ്മാരകങ്ങൾ പരിപാലിക്കുക
* പ്രകൃതി സമ്പത്ത് , വന്യജീവികൾ, പരിസ്ഥിതി സന്തുലിതാവസ്ഥ എന്നിവ പരിരക്ഷിക്കുകയും നശിപ്പെടാതെ സൂക്ഷിക്കുകയും ചെയ്യുക.
* സ്ത്രീപദവിയും അന്തസും സംരക്ഷിക്കുകയും ഉയർത്തുകയും സ്ത്രീവിരുദ്ധനടപടികളെ ചെറുക്കുകയും ചെയ്യുക.
* അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചെറുക്കുകയും ശാസ്ത്രാഭിരുചിയും ശാസ്ത്രബോധവും മാനവികതയും വളർത്തുകയും വ്യക്തിതവും സാമൂഹ്യവുമായ അനവദ്യതയിലേക്ക് ഉയരുകയും ചെയ്യുക.
* രാഷ്ട്രത്തിന്റെ പരമാധികാരം, ഐക്യം, അഖണ്ഡത എന്നിവ ഉയർത്തിപിടിക്കുകയും മതസമുദായസൗഹൃദവും പരസ്പര സാഹോദര്യവും വളർത്തുകയും, അനിവാര്യ ഘട്ടത്തിൽ രാഷ്ട്രസേവനത്തിന് സന്നദ്ധരാവുകയും ചെയ്യുക.

പഞ്ചായത്തീരാജ് നിയമം (1994, 1999)

1994 ലെ പഞ്ചായത്ത് രാജ് നിയമം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്റെ/ പൗരയുടെ കടമകളും ഉത്തരവാദിത്തങ്ങളും നിർവചിച്ചിട്ടുണ്ട് ഒരു പഞ്ചായത്തിലെ പൗരർ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ഓരോ വ്യക്തിയും താഴെ പറയുന്ന ചുമതലകൾ നിർവഹിക്കാൻ ബാധ്യസ്ഥരാണ്

* ഗ്രാമസഭയിൽ പങ്കെടുക്കുക, തദ്ദേശഭരണ പ്രക്രിയയിൽ നേരിട്ട്പങ്ക്വഹിക്കുക. അതിലൂടെ

ക്രിയാത്മക ജനാധിപത്യം സാർത്ഥമാക്കുക.

* നികുതി വെട്ടിപ്പ് തടയുകയും കൃത്യമായി നികുതി നിരക്കുകൾ ഒടുക്കി തദ്ദേശസ്ഥാപനത്തിന് തനത് വരുമാനം ഉറപ്പാക്കുകയും ചെയ്യുക. നികുതി നൽകുന്നതിൽ കൃത്രിമം ഒഴിവുകഴിവോ ഒഴിവാക്കുക.
* വികസന പ്രവർത്തനത്തിൽ പഞ്ചായത്തിനെ സഹായിക്കുക. വ്യക്തിഗതവും ഗൃഹകേന്ദ്രിതവും സാമ്പത്തികവുമായ വിഭവ സമാഹരണത്തിനും അഭ്യാനത്തിനും സഹായിക്കുക.
* ആസൂത്രണ - നിർവഹണ - വിലയിരുത്തലിൽ സ്വയം പങ്കാളികളാവുക.
* പൊതുശല്യം, പൊതുജീവിതത്തിന് വിഘാതം, പൊതുസ്ഥലത്ത് മാലിന്യ നിക്ഷേപം മുതലായവയ്ക്കിടയാക്കാതിരിക്കുകയും അവയ്ക്കെതിരെ ജാഗ്രത പാലിക്കുകയും ചെയ്യുക.
* ശുചിത്വ, രോഗപ്രതിരോധം പോഷകാഹാര വിതരണം, സാക്ഷരത, നിയമബോധന, തർക്കപരിഹാര പ്രക്രിയ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ പഞ്ചായത്തിനെ സഹകരിക്കുക.
* സാമൂഹ്യ ഓഡിറ്റ് പ്രക്രിയ സാർത്ഥമാക്കാൻ ശ്രമിക്കുക .
* ഔദ്യോഗികവാദത്തിനും വിഭാഗീയതക്കുമെതിരെ സാമൂഹ്യൈക്യത്തിനും പങ്കാളിത്ത വികസന പ്രക്രിയക്കും സഹായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
* അഴിമതി, ദുർഭരണം എന്നിവയ്ക്കെതിരെ നിയമപ്രകാരമുള്ള ജാഗ്രത പാലിക്കുകയും തദ്ദേശഭരണം ജനാധിപത്യപരമായി പുലരാനുള്ള സാധ്യതകൾ ഉറപ്പാക്കുക
* പ്രകൃതിവിഭവങ്ങൾ, പൊതുഉത്പാദന സംവിധാനം, ഊർജ്ജ വിതരണ സംവിധാനം, പൊതു ശുചിത്വ സംവിധാനം മുതലായവ പരിപാലിക്കുന്നതിൽ സഹകരിക്കുകയും ദുരുപയോഗവും ചൂഷണവും നടത്താതിരിക്കുകയും ചെയ്യുക.
* മിതവ്യയശീലം പ്രചരിപ്പിക്കുകയും പാലിക്കുകയും ആഢംബരവും അതിരുകടന്ന ധൂർത്തും ഒഴിവാക്കുകയും ചെയ്യുക
* സ്വാശ്രയ പ്രവർത്തന സംഘാടനവും പങ്കാളിത്തവും ഉറപ്പാക്കുക
* മദ്യപാനം, മയക്കുമരുന്ന് സ്ത്രീധനം, സ്ത്രീപീഡനം, ബാലാധ്വാനം, പിന്നോക്ക വിഭാഗക്കാർക്കെതിരായ പ്രവർത്തനം മുതലായ സാമൂഹ്യ തിന്മകൾക്കെതിരെ അണിനിരക്കുക.
* പരിസ്ഥിതി ബോധവൽക്കരണത്തിൽ പങ്കാളികളാകുക, പരിസ്ഥിതി സന്തുലനം ഉറപ്പാക്കുക
* സ്ഥിതി വിവര കണക്കുകളുടെ കൃത്യമായ ശേഖരണം, സമാഹരണം, ക്രോഡീകരണം എന്നിവയിൽ സഹകരിക്കുക. തെറ്റായ വിവരങ്ങൾ നൽകാതിരിക്കുകയും നൽകുന്നത് തിരുത്തുകയും ചെയ്യുക.
* പ്രകൃതി ദുരന്ത ബാധിതരെ സംരക്ഷിക്കുവാൻ സഹായിക്കുക

* സഹകരണ സമ്പാദ്യ ശീലങ്ങൾ വളർത്തുക
* വികസനാവശ്യത്തിന് ഭൂമിവിട്ടുകൊടുക്കുകയും പൊതു ഭൂമി അനധികൃതമായി കൈവശപ്പെടുത്താതിരിക്കുകയും ചെയ്യുക.
* അയൽക്കൂട്ടം, സ്വയം സഹായ പരസ്പരസഹായ സംഘങ്ങൾ സംഘടിപ്പിക്കുക
* പൊതുസ്ഥലത്തും നിരത്തുകളിലും തുപ്പുക, മലമൂത്രവിസർജ്ജനം നടത്തുക, മദ്യപിക്കുക, പുകവലിക്കുക തുടങ്ങിയ സമൂഹവിരുദ്ധ പെരുമാറ്റങ്ങൾ ഒഴിവാക്കുക.
* മൃതങ്ങളെ പൊതുസ്ഥലത്ത് വെച്ച് പരസ്യമായി കശാപ്പ് ചെയ്യാതിരിക്കുക. മാംസം, മാംസാവശിഷ്ടങ്ങൾ എന്നിവ തുറസ്സായി വെച്ചും അറപ്പുളവാക്കുന്ന വിധത്തിൽ പ്രദർശിപ്പിച്ചും വിൽപ്പന നടത്താതിരിക്കുക. | ന
* ഓമനമൃഗങ്ങൾ, വളർത്തുമൃഗങ്ങൾ, പക്ഷികൾ എന്നിവയ്ക്ക് കൃത്യവും അനിവാര്യവുമായ കുത്തിവെയ്പുകൾ എടുക്കുകയും ലൈസൻസ് എടുക്കുകയും ചെയ്യുക.
* നിയമ ചട്ട വ്യവസ്ഥകൾ പാലിക്കുകയും, ലംഘിക്കാതിരിക്കുകയും, ലംഘിക്കുന്നതിന് പ്രേരണയോ സഹായമോ നൽകാതിരിക്കുകയും ചെയ്യുക.
* പുരുഷ തുല്യതയും നീതിയും പരിപാലിക്കുക, അതിനുതകുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.
* ഇത്തരം പൗരധർമ്മങ്ങളെപ്പറ്റി ബോധവൽക്കരണം ഉറപ്പാക്കുക.

തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാൻ

ഓംബുഡ്സ്മാൻ എന്നത് കാര്യനിർവഹണ വിഭാഗത്തിലെ സ്വതന്ത്രവും നിഷ്പക്ഷവുമായ അർദ്ധന്യായിനിയായ പരാതി പരിശോധന പരിഹാര സംവിധാനമാണ് കേരള പഞ്ചായത്തീരാജ്നിയമം അധ്യായം 25- ബിയിലെ 271 എഫ് മുതൽ 271 ആർ വരെ വകുപ്പുകളിലായി ഓംബുഡ്സ്മാന്റെ ഘടന, പദവി, പ്രവർത്തനം എന്നിവ വ്യവസ്ഥ ചെയ്യുന്നു. ഇതിന്പുറമേയുള്ള ചട്ടങ്ങളും നിലവിൽ വന്നിട്ടുണ്ട്

ലക്ഷ്യം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുസേവകർ എന്നിവരുടേയും അഴിമതി, ദുർഭരണം, നിയമ ക്രമരാഹിത്യം എന്നിവ ഉൾപ്പെടെ ഉന്നയിക്കപ്പെടുന്ന എതിനടപടിയിലും ആരോപണമോ, ആക്ഷേപമോ, പരാതിയോ ഉണ്ടായാൽ അന്വേഷണം നടത്തുവാനും തീർപ്പാക്കാനും പ്രായോഗിക പരിഹാരം നടപ്പാക്കാനും വേണ്ടിയാണ് ഓംബുഡ്സ്മാൻ സ്ഥാപിതമായിട്ടുള്ളത്

പൊതുസേവകർ

തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ജീവനക്കാർ, പ്രസിഡന്റ് ചെയർപെഴ്സൺ, അംഗം. കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ജീവനക്കാരും ഉൾപ്പെടെയുള്ളവർ.

നടപടി

തദ്ദേശഭരണ സ്ഥാപനത്തെ ഭാരമേൽപിച്ചതോ, കൈമാറിയതോ, ആയ വിഷയങ്ങളിലെ തീരുമാനമോ, ശുപാർശയോ, പ്രമേയമോ, നിയമനമോആയ ചുമതല നിർവഹണ കൃത്യം, കൃത്യ വിലോപം, ഉപേക്ഷാപൂർവുമായ വീഴ്ച എന്നിവയോ പ്രവർത്തനരാഹിത്യമോ ഉൾപ്പെടെയുള്ളവ

ആരോപണം

* പൊതുസേവകർ തനിക്കോ മറ്റൊരാൾക്കോ നേട്ടമോ അനുകൂല്യമോ ലഭിക്കാൻ വേണ്ടി ഒരാൾക്കുമേൽ അനാവശ്യ ഉപദ്രവമോ, നഷ്ടമോ ഇടയാക്കുംവിധം തന്റെ സ്ഥാപനമോ അധികാരമോ ഉപയോഗിക്കുക
* വ്യക്തിപരമായ ദുരുപദിഷ്ടമോ, സ്വാർത്ഥപരമോ ആയ ലക്ഷ്യത്തോടെ ചുമതല നിർവ്വഹിക്കുക. അഴിമതി, സ്വജനപക്ഷപാതം, വഞ്ചന അസത്യപ്രസ്താവം എന്നിവ ചെയ്യുക.
* തദ്ദേശഭരണസ്ഥാപനത്തിന്റെ സ്വത്തോ ധനമോ തന്റെ നടപടി മൂലമോ, ഉപേക്ഷയോ, വീഴ്ചയോ, നിർവിനിയോഗമോ മൂലം നഷ്ടം വരുത്തുക.
* തദ്ദേശ ഭരണ സ്ഥാപനം നിയമാനുസൃതം നിക്ഷിപ്ത കർത്തവ്യങ്ങൾ നിറവേറ്റാതിരിക്കുക, ചട്ടവിരുദ്ധമായി പ്രവർത്തിക്കുക, നിർവഹണത്തിൽ വീഴ്ചയോ, കൃത്യവിലോപമോ സംഭവിക്കുക, അനധികാരമോ അധികാര ദുർവിനിയോഗമോ ചെയ്യുക.
* തുക്കി ഹിതവും അന്യായവും ദുസ്സഹവും പക്ഷപാതവും അവിഹിതവും ആയനേട്ടമോ നഷ്ടമോ സൃഷ്ടിക്കും വിധമോ അനർഹമായ ആനുകൂല്യം ലഭിക്കാനോ വേണ്ടിയുള്ള നടപടി.
* തീരുമാനം എടുക്കുന്നതിലും നടപ്പിലാക്കുന്നതിനും മനപൂർവമായ വീഴ്ചയോ, ഉപേക്ഷയോ അമിതകാല താമസമോ ക്രമരാഹിത്യമോ സംഭവിക്കുക.
* പാഴ്ചെലവിനും നഷ്ടത്തിനും ദുരുപയോഗത്തിനും ഇടയാക്കുക എന്നിവയെല്ലാം ദുർഭരണം എന്നതിൽപെടും.

പരാതി

തദ്ദേശഭരണ സ്ഥാപനമോ, ഉദ്യോഗസ്ഥനോ, പൊതുസേവകനോ ദുർഭരണമോ അഴിമതിയോ ക്രമവിരുദ്ധ പ്രവർത്തനമോ നടത്തി, ആരോപിക്കുന്ന രേഖാമൂലമായ ആക്ഷേപം.

പരാതിക്കാരൻ

സാധാരണ പൗരൻ, ഉദ്യോഗസ്ഥൻ, രാഷ്ട്രീയ സാമൂഹ്യപ്രവർത്തകൻ എന്നിവരിൽ ആർക്കും പരാതി ഉന്നയിക്കാം.

സ്വമേധയാ പരാതി പരിഗണിക്കുക

മാധ്യമങ്ങളിലൂടെയോ നേരിട്ടോ ലഭിക്കുന്ന വിവരം അടിസ്ഥാനമാക്കി ഓംബുഡ്സ്മാൻ സ്വമേധയാ അന്വേഷണ നടപടി ആരംഭിക്കാം.

അന്വേഷണ ഉദ്യോഗസ്ഥൻ

ഡി.ഐ.ജി. പദവിയിലുള്ള പോലീസ് ഉദ്യോഗസ്ഥന്റെ ചുമതലയിൽ സംസ്ഥാനത്ത്

നിലവിലുള്ള ഏതൊരു അന്വേഷണ സംവിധാനത്തിന്റെ സേവനവും ഓംബുഡ്സ്മാൻ വിനിയോഗിക്കാം. പ്രത്യേക വിഷയങ്ങളിൽ വിദഗ്ദരായവരുടെ സേവനവും ഓംബുഡ്സ്മാൻ ആവശ്യാനുസരണം വിനിയോഗിക്കാം.

ഫീസ്

10 രൂപ കോർട്ട്ഫീ സ്റ്റാമ്പ് പതിച്ചു വേണം ഓംബുഡ്സ്മാൻ മുമ്പാകെ പരാതികൾ സമർപ്പിക്കുന്നത്.

ചുമതലകൾ

* പരാതിയിലിന്മേലോ സ്വമേധയാ ആരംഭിച്ച നടപടിയിലോ സർക്കാർ നിയോഗിച്ച വിഷയത്തിലോ സൂക്ഷ്മാന്വേഷണം നടത്തുക.
* തദ്ദേശ ഭരണസ്ഥാപനം, ഉദ്യോഗസ്ഥർ, പൊതുസേവകർ ഇവരുടെ അഴിമതി, ദുർഭരണം ക്രമരാഹിത്യം എന്നിവ സംബന്ധിച്ചുള്ള ആരോപണങ്ങളിൽ യുക്തമായ അന്വേഷണം നടത്തുക.
* പരാതിയോ ആരോപണമോ സ്ഥാപിക്കപ്പെട്ടാൽ വ്യവസ്ഥാപിതമായ പരിഹാരതീർപ്പുകൾ നൽകുക.

പരിഹാര നടപടികൾ

* ആരോപിക്കപ്പെട്ട വിഷയം ക്രിമിനൽ നിയമപരിധിയിൽപ്പെടും എങ്കിൽ യുക്തമായ വിചാരണയ്ക്ക് ഉചിതമായ അധികാരസ്ഥാപനത്തിന് അയച്ചുകൊടുക്കുക.
* പ്രവർത്തനോ സ്ഥാപനത്തിനോ സംഭവിച്ച നഷ്ടത്തിന് യുക്തമായ നഷ്ടോത്തരവാദിത്വം ഈടാക്കുക.
* അന്വേഷണ ഫലമിൽ നിന്ന് ധൂർത്തോ നഷ്ടമോ ഉണ്ടായാൽ നഷ്ടപരിഹാരം ഈടാക്കുക. നിഷ്ക്രിയത്വം, കൃത്യവിലോപം, കാലതാമസം, എന്നിവയോ ക്രമക്കേടോ ഉണ്ടായാൽ യുക്തമായ പരിഹാര നിർദ്ദേശം നൽകുക.
* അന്തിമ തീർപ്പിന്സമയം കൂടുതൽ ആവശ്യമെങ്കിൽ സ്വീകാര്യമായ ഇടക്കാല ഉത്തരവിൻകുക. അനിവാര്യ ഘട്ടങ്ങളിൽ പിഴശിക്ഷ നടപ്പാക്കുക.
* പരാതി നിലനിൽക്കാത്തതല്ലെന്ന് കണ്ടാൽ ചെലവും നഷ്ടപരിഹാരവും തീർപ്പാക്കുക.
* **അധികാരങ്ങൾ**
* ആക്ഷേപവും പരാതിയും സ്വീകരിക്കുക.
* ലഭിച്ച പരാതിയിലിന്മേലോ, സ്വമേധയോ തന്നെയോ അന്വേഷണം നടത്തിക്കുക.
* കക്ഷികളേയോ, സാക്ഷികളേയോ വിളിച്ചുവരുത്തുകയോ തെളിവെടുക്കുകയോ ചെയ്യുക.
* രേഖകളോ പ്രമാണമോ ഹാജരാക്കാൻ ആവശ്യപ്പെടുകയോ പരിശോധിക്കുകയോ ചെയ്യുക.
* നിയമാനുസൃതമായ ഇതരചുമതലകൾ
* പ്രഥമദൃഷ്ട്യാ പരാതിയിൽ കഴമ്പുണ്ടെന്ന് തെളിഞ്ഞാൽ വിശദമായ അന്വേഷണം നടത്തിക്കുക.

- വാർഷിക റിപ്പോർട്ട് സർക്കാറിന് സമർപ്പിക്കുക
- ലളിത നടപടി ക്രമത്തിലൂടെയും നേരിട്ടുള്ള വെളിപ്പെടുത്തലുകളിലൂടെയും നിർദ്ദിഷ്ട നടപടി ക്രമങ്ങളെ ആശ്രയിച്ച് തീർപ്പുകൽ എടുക്കുക.
- നഷ്ടപരിഹാരം റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുക.

തദ്ദേശഭരണ ട്രിബ്യൂണൽ

തദ്ദേശ ഭരണസ്ഥാപനങ്ങൾ എടുക്കുന്ന ഭരണപരവും നിയന്ത്രണ പരവുമായ മേലുള്ള അപ്പീലോ റിവിഷനോ പരിഗണിക്കുന്നതിനും തീർപ്പാക്കുന്നതിനും വേണ്ടിയുള്ള സ്ഥാപനം ഓരോ റവന്യൂ ജില്ലക്കും വേണ്ടിയോ അതിലധികം ജില്ലകൾക്ക് വേണ്ടിയോ ജില്ലാ ജഡ്ജി പദവിയിലുള്ള ഉദ്യോഗസ്ഥരെ ട്രിബ്യൂണലായി നിയമിക്കുന്നു. ട്രിബ്യൂണലിന്റെ മുമ്പാകെ നടക്കുന്ന എതൊരു നടപടിയും നീതിന്യായ നടപടിയായി കരുതപ്പെടും. സമൻസ്പുറപ്പെടുവിച്ച്നിർബന്ധിത ഹാജർ ഉറപ്പാക്കാനും രേഖകളും പ്രമാണങ്ങളും പരിശോധിക്കാനും സത്യവാങ്മൂലങ്ങൾ തെളിവായി സ്വീകരിക്കാനും കമീഷൻ മുഖേന തെളിവെടുക്കാനും വിധി തീർപ്പാക്കാനും ഈ ട്രിബ്യൂണലിന് അധികാരമുണ്ട്

തീരുമാനങ്ങൾ സ്റ്റേ ചെയ്യാനോ, യുക്തമായ നിർദ്ദേശങ്ങൾ നൽകാനോ പുനപരിശോധനക്ക് നിർദ്ദേശിക്കാനോ, തിരുത്താനോ ട്രിബ്യൂണലിന്അധികാരമുണ്ടായിരിക്കും. സെക്രട്ടറി, പ്രസിഡന്റ്, ചെയർമാൻ എന്നിവരുടെ തീർപ്പുകൽ, പഞ്ചായത്തിൽ സമർപ്പിക്കുന്നതിനുള്ള അപ്പീലിൻമേലുള്ള തീർപ്പിന്മേൽ സമർപ്പിക്കപ്പെട്ട സമർപ്പിക്കപ്പെട്ട അപ്പീൽ അപേക്ഷ നിശ്ചിത കാലയളവിനുള്ളിൽ പഞ്ചായത്ത്പരിഗണിക്കാതിരിക്കുമ്പോൾ, നികുതി, ഫീസ്കരം, ചുങ്കം, മുതലായവയുടെ നിർണയം പിരിച്ചെടുക്കൽ, പിഴ എന്നിവ സംബന്ധിച്ചുള്ള ഹർജികൾ ട്രിബ്യൂണലിന് മുമ്പാകെ സമർപ്പിക്കാവുന്നതാണ്.ബന്ധപ്പെട്ട വിഷയത്തിൽ നോട്ടീസ് ലഭിച്ച് 30 ദിവസത്തിനകം അപ്പീൽ/ റിവിഷൻ ഹർജി ഫയലിലാക്കണം. 60 ദിവസത്തിനകം സാധാരണ ഗതിയിൽ തീർപ്പാക്കുകയും ചെയ്യണം.

2004 ഫെബ്രുവരി 7 ന് പുറപ്പെടുവിച്ച (സ.ഉ(ആ) നമ്പർ 52/2004/തദവ) സർക്കാർ ഉത്തരവ് കേരളത്തിലെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കെതിരായ അപ്പീലോ, റിവിഷനോ, പരിഗണിക്കുന്നതിനും തീർപ്പാക്കുന്നിനുമായി സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും വേണ്ടി ട്രിബ്യൂണൽ നിയമിക്കപ്പെട്ടിരിക്കുന്നത് ഇപ്പോൾ തിരുവനന്തപുരം കേന്ദ്രമാക്കിയാണ് ട്രിബ്യൂണൽ നിയമിക്കപ്പെട്ടിരിക്കുന്നത് മൂന്ന് വർഷമാണ് നിയമന കാലാവധി. ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ മുൻസിപാലിറ്റി, അവയുടെ ധനകാര്യസ്റ്റാന്റിംഗ്കമ്മറ്റി, അവയുടെ സെക്രട്ടറി എന്നിവരുടെ നടപടി, തീരുമാനം, ഉത്തരവ് എന്നിവക്കെതിരായ അപ്പീലോ റിവിഷനോ ആണ് പരിഗണിക്കപ്പെടുക. നിയമപ്രകാരം ചുമതലപ്പെട്ടവർ സമയബന്ധിതമായി തീരുമാനം എടുക്കാത്തത് സംബന്ധിച്ച്

ഹർജിയും ട്രിബ്യൂണലിന് പരിഗണിക്കാം.

* ബന്ധപ്പെട്ട ഉത്തരവ്, നോട്ടീസിന്റെയതി മുതൽ 30 ദിവസത്തിനകമോ തദ്ദേശഭരണസ്ഥാപനത്തിൽ പ്രാഥമിക അപ്പീൽ നൽകി 60 ദിവസത്തിനകമോ തീർപ്പ് ലഭിക്കാത്ത പക്ഷം 90 ദിവസത്തിനുള്ളിലോ ട്രിബ്യൂണലിന് മുമ്പാകെ അപ്പീൽ/ റിവിഷൻ ഹർജി ഫയലാക്കണം. കാലതാമസം യുക്തമായ കാരണത്താൽ ഇളവുചെയ്ത് കൊടുക്കാൻ ട്രിബ്യൂണലിന് അധികാരമുണ്ട്. നൂറുരൂപയുള്ള ഹർജികൾ 15 ദിവസത്തിനകം സ്റ്റാമ്പ് പരിഹരിച്ച് സമർപ്പിക്കണം. ഹർജി നേരിട്ടോ രജിസ്ട്രേഡ് തപാൽ വഴിയോ സമർപ്പിക്കാവുന്നതാണ്. 50 രൂപ ഹർജി ഫീസായി അടച്ചു വേണം സമർപ്പിക്കാൻ.

താഴെകൊടുക്കുന്ന അധികാരങ്ങൾ ട്രിബ്യൂണലിന് ഉണ്ടായിരിക്കും

- ഹർജികൾക്ക് കൈപറ്റ് രസീത് നൽകുക
- യുക്തമായ കാരണങ്ങളാൽ ഹർജി നടപടിക്രമങ്ങൾ സ്റ്റേ ചെയ്യുക
- എതിർ കക്ഷിക്ക് നോട്ടീസ്
- സാക്ഷികളേയും കക്ഷികളേയും വിളിച്ചു വരുത്തുക, വിചാരണ ചെയ്യുക, രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടുക, രേഖകൾ പരിശോധിക്കുക
- ട്രിബ്യൂണൽ ഓഫീസ് ബന്ധപ്പെട്ട സ്ഥാപന ഓഫീസ് നിർണ്ണയിക്കപ്പെടുന്ന സ്ഥലം എന്നിവടങ്ങളിൽ ഒരിടത്തു വെച്ച്നടപടികൾ നിർവഹിക്കാം
- ട്രീബ്യൂണലിന്റെ ഉത്തരവ്രേഖാമൂലമുള്ളതും നീതിന്യായ നടപടിക്രമവിധേയമായി അന്തിമവും ആയിരിക്കും. നടപടി ക്രമം തിരുത്തുക, ഉത്തരവിലെ തെറ്റു തിരുത്തുക, തീരുമാനമോ നടപടിക്കലോ സ്റ്റേ ചെയ്യുക, പുതിയ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുക, തദ്ദേശഭരണ ഉത്തരവ് റദ്ദാക്കുക എന്നി നടപടികൾ സ്വീകരിക്കാവുന്നതാണ്

നികുതി നിർണ്ണയം, ഇടാക്കൽ, അനുമതി പത്രം നൽകൽ, രജിസ്ട്രേഷൻ പാലിക്കൽ, മാലിന്യ നിർമാർജ്ജനം, തെരുവ് വിളക്കുകൾ കത്തിക്കൽ, പ്രാഥമിക ശുചിത്വ സൗകര്യങ്ങൾ പാലിക്കൽ, മാലിന്യ നിർമാർജ്ജനം, പൊതുമുതൽ സംരക്ഷണം, പൊതുതെരുവ് വിളക്കുകൾ തെളിയിക്കുക, കെട്ടിട നിർമാണ നിയന്ത്രണം പൂമ്പോക്ക് പതിച്ചു നൽകൽ, ഹാനികരമായ കൃത്യങ്ങൾ ചെയ്യുക, പൊതുശല്യ ഉറവിടങ്ങൾ നിയന്ത്രണം, ഹാനികരമായ കൃഷികൾ, പൊതുജലസംരക്ഷണം, മൃഗപരിപാലനം നിയന്ത്രണം, കരാർ, ചന്തപിരിവ്പാലനം, വണ്ടിത്തറവളങ്ങൾ, ഇറക്കുസ്ഥലങ്ങൾ, കടത്തുകൾ, ശ്മശാനങ്ങൾ മുതലായവയുടെ പാലനവും നിർവ്വാഹണവും, രോഗപ്രതിരോധം മുതലായവ സംബന്ധിച്ചുള്ള പരാതികൾ അപ്പീൽ/റിവിഷൻ എന്നിവയിലൂടെ സമർപ്പിക്കാവുന്നതാണ്.

അറിയാനുള്ള അവകാശം

തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഭരണപരമോ വികസനപരമോ, നിയന്ത്രണപരമോ ആയ ചുമതലകൾ സംബന്ധിച്ച് വിജ്ഞാപിത രേഖകൾ ഒഴികെ എതൊരു വിവരവും വസ്തുതയും, രേഖകളോ പ്രമാണങ്ങളോ അറിയാനും പകർപ്പെടുക്കാനും പൗരൻമാർക്കുള്ള അവകാശം, കേരള പഞ്ചായത്ത് രാജ് നിയമം (1999) അദ്ധ്യായം 25എ, വകുപ്പുകൾ 271 എ,ബി,സി,എന്നീ വകുപ്പുകളും അനുബന്ധചട്ടങ്ങളും പ്രകാരം പൗരന് ഈ അവകാശം ലഭിക്കുന്നു.

വിവരങ്ങൾ /രേഖകൾ ലഭിക്കുന്നതിന് ചെയ്യേണ്ടത്

* വിവരങ്ങളോ രേഖകളോ ആവശ്യപ്പെടുന്ന അപേക്ഷ നിശ്ചിത ഫോറത്തിൽ സെക്രട്ടറിക്ക്നൽകണം.
* കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ അപേക്ഷ ബന്ധപ്പെട്ട സ്ഥാപനത്തിലെ തലവന് നൽകണം.
* അപേക്ഷയോടൊപ്പം 2 രൂപ നിരക്കിൽ അപേക്ഷാഫീസും ഒരു വർഷത്തിലേറെ പഴക്കമുള്ള രേഖകൾക്ക് തെരച്ചിൽ ഫീസായി വർഷം പ്രതി മരണ്ടു രൂപ വീതവും പകർപ്പ് ആവശ്യപ്പെടുന്നുവെങ്കിൽ ഏകദേശം 200 വാക്കിന് 2 രൂപ നിരക്കിലും ഫീസ് ഈടാക്കി രസീത് നൽകേണ്ടതാണ്
* രേഖ പരിശോധക്ക് ലഭിക്കുന്നതിനോ, പകർപ്പ് എടുത്ത് ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി നൽകുന്നതിനോ ഉള്ള ദിവസവും രസീതിൽ രേഖപ്പെടുത്തണം.
* രഹസ്യാത്മക വിവരം എന്ന് വിജ്ഞാപനം ചെയ്യപ്പെട്ടതാണ്ആവശ്യപ്പെടുന്ന സംഗതിയെങ്കിൽ സെക്രട്ടറിക്കോ, ഉദ്യോഗസ്ഥനോ ആ കാരണം രേഖാമൂലം പരാമർശിച്ച്അപേക്ഷ നിരസിക്കാം.

വിവരങ്ങൾ നൽകുന്നത് കാലതാമസം വരുത്തിയാൽ

* നിശ്ചിത ദിവസത്തിലേറെ കാലതാമസം വരുത്തിയാൽ വിവരം നൽകാൻ ചുമതലപ്പെട്ട, വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് ദിനംപ്രതി 50 രൂപ നിരക്കിൽ പിഴ തദ്ദേശഭരണത്തിന്റെ തനത്ഫണ്ടിലേക്ക് ഈടാക്കാവുന്നതാണ്
* മനപൂർവമായോ ഉപേക്ഷമൂലമോ വിവരം നൽകാൻ പരാജയപ്പെടുകയോ, തെറ്റായ വിവരം നൽകുകയോ ചെയ്താൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ 1000 രൂപയിൽ കൂടാത്ത പിഴ ഈടാക്കാനും വ്യവസ്ഥയുണ്ട്

രേഖകൾ ലഭ്യമല്ലെങ്കിൽ

* യുക്തമായ തെരച്ചിൽ നടത്തിയ ശേഷം രേഖ കണ്ടു കിട്ടാത്തതിനാലോ, രേഖയുടെ സംരക്ഷണ കാലാവധി കഴിഞ്ഞതിനാലോ, രേഖനിലവിൽ ഇല്ലാത്തതിനാലോ സാധുവായ കാരണം ബോധ്യപ്പെടുത്തി അപേക്ഷ പ്രകാരം വിവരം ലഭ്യമാക്കാനാകില്ലെന്നറിയിച്ച് തീർപ്പ് നൽകേണ്ടതാണ്

ഇത്തരം തീരുമാനങ്ങൾക്ക് നിയമ പരിരക്ഷ ലഭിക്കും. രേഖ ലഭ്യമാക്കുന്നില്ലെങ്കിൽ ഈടാക്കിയ ഫീസ് അപേക്ഷകന് തിരിച്ച് നൽകണം.

വികസന പദ്ധതികളുടെ വിവരങ്ങൾ

* വികസന പദ്ധതിയുടെ വിവരങ്ങൾ സംബന്ധിച്ച വിവരങ്ങൾ പദ്ധതിസ്ഥലത്ത് സുതാര്യമായും ലളിതമായും പരസ്യപ്പെടുത്തേണ്ടതുണ്ട് സാങ്കേതികവും സാമ്പത്തികവുമായ വിവരങ്ങൾ ഭരണ നടപടിക്കൊക്കം പ്രസിദ്ധീകരിക്കേണ്ടതുണ്ട് . സുതാര്യത സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ ഇതിൽ പാലിച്ചിരിക്കണം.
* ഗ്രാമസഭ തദ്ദേശസ്വയംഭരണ സ്ഥാപനം, കൈമാറിയ സ്ഥാപനങ്ങൾ ഉവയുടെ ഭരണപരമായ വിവരങ്ങളും യോഗനടപടികളും പൊതു ജനപ്രാപ്യമായ വിധം പ്രസിദ്ധീകരിക്കേണ്ടതാണ്

വിവരാവകാശ നിയമം

2005 പൊതു അധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ, എല്ലാ പൗരന്മാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്തം നിലനിർത്തുന്നതിനും അഴിമതി നിർമാർജ്ജനം ചെയ്യുന്നതിനായി രൂപം കൊടുത്ത നിയമാണ് 2005 ലെ വിവരാവകാശ നിയമം. രാജ്യസുരക്ഷക്കും മറ്റു ചില താൽപര്യങ്ങളുടെ പ്രത്യേക സംരക്ഷണത്തിനും ഉള്ള വിവരങ്ങളും ഒഴിച്ച് എല്ലാ വിവരങ്ങളും നിയമപ്രകാരം ജനങ്ങൾക്ക് നൽകേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു. ഈ നിയമത്തിനനുസരിച്ച് പൊതു അധികാരികൾ ആവശ്യപ്പെടുന്നതിനനുസരിച്ചോ, സ്വമേധയാലോ വിവരങ്ങൾ അറിയുന്നതിന് പൗരന് അവകാശമുണ്ട് സർക്കാർ സ്ഥാപനങ്ങൾ സർക്കാർ സഹായധനം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഒരു ജോലിയോ, പ്രമാണമോ, രേഖയോ പരിശോധിക്കുന്നതിനുള്ള അവകാശം രേഖയുടേയോ പ്രമാണത്തിന്റെയോ കുറിപ്പുകളോ സംക്ഷിപ്തമോ എടുക്കൽ, ഏതൊരു രേഖയുടെയും സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ, കമ്പ്യൂട്ടറിലോ അല്ലെങ്കിൽ മറ്റു ഇലക്ട്രോണിക്സംവിധാനത്തിലോ ശേഖരിച്ചു വെച്ചിട്ടുള്ള വിവരങ്ങൾ, പ്രിന്റൗട്ടുകൾ, ഫ്ലോപ്പികൾ, ഡിസ്കുകൾ, ടേപ്പുകൾ, വീഡിയോ കാസറ്റുകൾ മുതലായവ രൂപത്തിൽ പകർത്തിയെടുക്കാനുള്ള അവകാശം തുടങ്ങിയവയും നിയമത്തിലുൾപ്പെടുന്നു.

